പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1572 | 14.12.2012 ൽ മറുപടിയ്ക്ക്

തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്ന പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ. വർക്കല കഹാർ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. പാലോട് രവി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | ജനപങ്കാളിത്തത്തോടെ തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം കാർഷിക വിളകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പ്രസ്തുത പദ്ധതിയിൽ നെല്ല്, വാഴ പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തരിശു ഭൂമിയിൽ കരാറടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനാണ് ധനസഹായം നൽകുന്നത്. ഭൂവുടമയ്ക്ക് ഹെക്ടറിന് 5,000/- രൂപയും, കർഷകന് വിളയനുസരിച്ച് ഹെക്ടറിന് 20,000/- മുതൽ 30,000/- രൂപ വരെയും ധനസഹായമായി നൽകുന്നു. കർഷകനും, ഭൂഉടമയും, പഞ്ചായത്തും ചേർന്ന് ഒപ്പിടുന്ന ഉടമ്പടിയുടെ അടിസ്ഥാനത്തിലാണ് കൃഷി ചെയ്യുന്നത്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര ഹെക്ടർ സ്ഥലത്ത് വിളകൾ കൃഷി ചെയ്തിട്ടുണ്ട്; വിശദമാക്കുമോ; | (സി) പ്രസ്തുത പദ്ധതി പ്രകാരം 2011-12 ൽ 725 ഹെക്ടർ സ്ഥലത്ത് വിളകൾ കൃഷി ചെയ്തു. 2012-13 വർഷത്തിൽ 3000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഏതെല്ലാം സംഘടനകളുടെ സേവനമാണ് ഈ പദ്ധതിക്ക് വേണ്ടി പ്രയോജനപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) ഈ പദ്ധതി സംസ്ഥാന കൃഷി വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ